# പ്രവാചകൻ ശിർക്കിലേക്കുള്ള കവാടം അടക്കുന്നു

അബ്ദുല്ലാഹ് ഇബ്നു ശിഖ്ഖീർﷺവിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു:

انْطَلَقْتُ فِي وَفْدِ بَنِي عَامِرٍ إِلَى رَسُولِ اللهِ ﷺ، فَقُلْنا: أَنْتَ سَيِّدُنا. فقَالَ: «السَّيِّدُ الله تبارك وتعالى». قُلْنا: وَأَفْضَلُنا فَضْلاً وَأَعْظَمُنا طَوْلاً. فَقَالَ «قُولُوا بِقَوْلِكُم أَوْ بَعْضِ قَوْلِكُمُ وَلاَ يَسْتَجْرِيَنَّكُمُ الشَّيْطَانُ».

''ബനൂആമിർ സംഘത്തോടൊപ്പം ഞാൻ അല്ലാഹുവിന്റെ റസൂൽﷺ യുടെ അടുക്കൽ പോയി. ഞങ്ങൾ പറഞ്ഞു: താങ്കൾ ഞങ്ങളുടെ 'സയ്യിദ്' ആണ്. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: "'അസയ്യിദ്' അല്ലാഹുവാണ്." ഞങ്ങൾ പറഞ്ഞു: ''(താങ്കൾ) ഞങ്ങളിൽ അതിശ്രേഷ്ഠരും, മഹത്തായ നേതൃത്വം ഉള്ളവരുമാകുന്നു.'' അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: ''നിങ്ങൾക്ക് പറയുവാനുള്ള വാക്കുകൾ മുഴുവനും നിങ്ങൾ പറയുക. നിങ്ങളെ പിശാച് വഴി തെറ്റിക്കാതിരിക്കട്ടെ.''[1]

അനസ്ﷺവിൽനിന്നും നിവേദനം:

أن ناساً قالوا: يا رسول الله يا خيرنا وابن خيرنا! وسيدنا وابن سيدنا! فقال: «يأيّها النّاسُ قُولُوا بقولِكُمْ ولا يَسْتَهْوِيَنَّكُمْ الشّيْطَانُ, أنَا مُحَمَّدٌ عَبْدُ الله وَرَسُولُه, ما أحِبّ أنْ تَرْفَعُونِي فَوْقَ مَنْزِلَتِي التي أنزلني الله عَزّ وَجَلّ»

ഒരു സംഘം ആളുകൾ (പ്രവാചകൻﷺയോട്) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ ശ്രേഷ്ഠരെ! ഞങ്ങളിൽ ശ്രേഷ്ഠരുടെ മകനേ! ഞങ്ങളുടെ സയ്യിദേ! ഞങ്ങളുടെ സയ്യിദിന്റെ പുത്രരേ! അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: ''ജനങ്ങളേ, നിങ്ങളുടെ

[1] സുനനു അബീദാവൂദ്. അൽബാനി 'സ്വഹീഹ് ' ആക്കിയിരിക്കുന്നു.

വാക്കുകൾ നിങ്ങൾ പറഞ്ഞുകൊള്ളുക. ശെയ്ത്വാൻ നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ. ഞാൻ അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ് ആണ്. അല്ലാഹു എന്നെ അവരോധിച്ചതായ സ്ഥാനത്തിന് മുകളിലേക്ക് നിങ്ങൾ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.'' [1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അതിരുകവിയുന്നതിൽ ജനങ്ങൾക്കുള്ള താക്കീത്.
- 'താങ്കൾ ഞങ്ങളുടെ സയ്യിദ്' ആണ് എന്നു പറയുന്നവരോട് തിരിച്ചുപറയൽ അനിവാര്യമായ വചനം.
- അവർ പറഞ്ഞത് സത്യം മാത്രമാണ്, എന്നിട്ടും പ്രവാചകൻﷺ അവരോട് ''നിങ്ങളെ ശെയ്ത്വാൻ വഴിതെറ്റിക്കാതിരിക്കട്ടെ'' എന്ന് പറഞ്ഞത്.
- ''എന്റെ സ്ഥാനത്തേക്കാൾ നിങ്ങൾ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല'' എന്ന് പ്രവാചകൻﷺ പറഞ്ഞത്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

[1] സുനനുന്നസാഇ. മുസ്നദു അഹ്മദ്, സ്വഹീഹു ഇബ്നി ഹിബ്ബാൻ. ശുഐബ് അൽ അർനാഊത് ഹദീഥിന്റെ സനദ് 'സ്വഹീഹാ'ണെന്ന് പറഞ്ഞിരിക്കുന്നു.